(ബി) ഹൈക്കോടതിയുടെ നിയന്ത്രണത്തിൽപ്പെട്ട നീതിന്യായ വകുപ്പിലേയും പബ്ലിക്ക് സർവ്വീസ് കമ്മീഷനിലേയും ഉദ്യോഗസ്ഥന്മാർ ഈ വകുപ്പിന്റെ അധികാരപരിധിയിൽ പെടുന്നതല്ല.

ശ്രീ. സി. എ. മാത്യു: എല്ലാ ഡിപ്പാർട്ടുമെൻറുമേലുദ്യോഗസ്ഥന്മാരുടേയും ക്രമക്കേടുകളെപ്പറ്റി അന്വേഷിക്കാൻ ഈ ഉദ്യോഗസ്ഥനു അധികാരമുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഉണ്ട്.

ശ്രീ സി. എ മാത്യു: സർജൻജനറലിനേയ്ക്കു സമാധാനം ചോദിച്ചപ്പോൾ അതിനു് ഈ ഉദ്യോഗസ്ഥനു അവകാശമില്ലെന്നു മറുപടി കൊടുത്തതായി ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ ഇല്ല.

ശ്രീ. സി. എ. മാത്യു: അതു മനസ്സിലാക്കി അന്വേഷണം നടത്തുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങിനെ ഉണ്ടെങ്കിൽ ആ ഉദ്യോഗസ്ഥന്റെ പേരിൽ നടപടിയെടുക്കും.

ശ്രീ. എൻ. ജി. ചാക്കോ: ഈ ഉദ്യോഗസ്ഥനെ നിയമിച്ചപ്പോൾ ഗവണ്മെൻറുദ്യോഗസ്ഥന്മാരുടെ ഇടയിൽ ഒരു ഭയമുണ്ടായിരുന്നു ഇപ്പോൾ ആ ഭയമില്ലെന്നു് ഗവണ്മെൻറു ധരിക്കുന്നുണ്ടോ?

MR. SPEAKER: That is supplying Information.

WRITTEN ANSWERS

പെരിങ്ങൽക്കുത്തു ഹൈഡ്രോ ഇലക്ട്രിക് സ്കീം.

* 580. [34] ശ്രീ. കെ. കെ. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു ദയവുചെയ്തു മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ?

(എ) പെരിങ്ങൽക്കുത്തു് ഹൈഡ്രോ ഇലക്ട്രിക് സ്കീമിന്റെ പണി പൂർത്തിയായോ;

(ബി) ഈ പദ്ധതിക്കുവേണ്ടി എന്തു തുക ചെലവായിട്ടുണ്ടു്;

(സി) പെരിങ്ങൽകുത്തിൽ ഷോളയാർ, ഒരു കൊമ്പൻ ഷട്ടുകളുടെ ഇൻവെസ്റ്റിഗേഷൻ എന്നു തുടങ്ങി, അവസാനിച്ചതു് എന്നു;

(ഡി) ഈ രണ്ടു ഷട്ടുകളുടേയും പണി എന്നാരംഭിക്കുമെന്നു പറയാമോ?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ):

(എ) ഇല്ല.

(ബി) ഈ പ്രോജക്റ്റിന്റെ ആകെ ചെലവു് 30-6-1955 വരെ 155 ലക്ഷം രൂപയായിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഷോളയാർ സ്കീം ഇൻവെസ്റ്റിഗേഷൻ തുടങ്ങിയത് 1952 ആക്ടോബറിലാണ്. പെരിങ്ങൽക്കുത്ത് വലത്തുഭാഗം പ്രോജക്ടിന്റെ (അതായത് ഒരു കൊമ്പൻ സ്കീം) സ്റ്റോറേജ് സർവ്വേജോലികൾ ഇൻഡ്യാ ഗവണ്മെന്റിൽനിന്നും 1947-ൽ പൂർത്തിയാക്കി. അതിനെ തുടർന്നുള്ള ജോലികൾ 1953-ലും 1954-ലും നടത്തപ്പെട്ടു. രണ്ടു പദ്ധതികളുടേയും ഇൻവെസ്റ്റിഗേഷൻ ജോലികൾ ഇപ്പോൾ പൂർത്തിയായിട്ടുണ്ട്.

(ഡി) ഈ രണ്ടു പദ്ധതികളും രണ്ടാം പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

എൻ. ഇ. എസ്സ്. ബ്ലോക്കുകൾ.

* 581. (35) ശ്രീ. ടി. പി. സീതാരാമൻ : താഴെ പറയുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി പറയുമോ?

ഈ വർഷത്തിൽ പുതുതായി എത്ര എൻ. ഇ. എസ്. ബ്ലോക്കുകൾ തുടങ്ങുന്നുണ്ട്; എവിടെ എല്ലാം?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) : അഞ്ച് (5) കഴക്കൂട്ടം, റാന്നി, ചങ്ങനാശേരി, ആയ്യാട്ട്, തൈക്കാറ

ഗ്രാഡുവേറ്റധ്യാപകന്മാർ.

* 582. (37) ശ്രീ. പി. കെ. യശോധരൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ :

(എ) സംസ്ഥാനത്തെ എത്ര ഗ്രാഡുവേറ്റധ്യാപകന്മാരെ ഈ വർഷം മൂന്നാംഗ്രേഡിൽനിന്നും രണ്ടാംഗ്രേഡിലേയ്ക്ക് പ്രമോട്ട് ചെയ്തിട്ടുണ്ട്;

(ബി) തിരുവിതാംകൂറിലെത്ര; കൊച്ചിയിലെത്ര?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) 1-4-1955 മുതൽ ഗ്രാഡുവേറ്റധ്യാപകന്മാർക്ക് രണ്ടു ഗ്രേഡുമാത്രമേയുള്ളൂ.

(ബി) ഈ ചോദ്യം ഉദിക്കുന്നില്ല.

മന്ത്രിമാരുടെ ശമ്പളവും, യാത്രപ്പടിയും, അലവൻസുകളും.

* 583. [40]. ശ്രീ. കെ. കുഞ്ഞമ്പി : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ :

(എ) 1955 ഫെബ്രുവരി 15-ാം തീയതിക്കുശേഷം ഓരോ മന്ത്രിമാരും വാങ്ങിയിട്ടുള്ള ശമ്പളം, യാത്രപ്പടി, മറ്റലവൻസുകൾ ഇവ എത്ര;

(ബി) പ്രസ്തുത തീയതിക്കുശേഷം ഏതെല്ലാം മന്ത്രിമാർ സംസ്ഥാനത്തിനു പുറത്തു് ഏതേതു സ്ഥലങ്ങളിൽ പോയിട്ടുണ്ടെന്നും ഏതേതാവശ്യങ്ങൾക്കെന്നും വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly